**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സ്ത്രീകളുടെയും കുട്ടികളുടേയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ. നിശാന്തിനി ഐ.പി.എസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പോലീസ് താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. CAP (Children and Police) House CCSE (Counter Child Sexual Exploitation) CCPWC Project (Cyber Crime Prevention against Women & Children) കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനും മറ്റുമായി 'CHIRI' പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. |

ജില്ലകളിൽ Child Friendly Police Station-കൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് ഇത് വ്യാപിപ്പിക്കും. കുട്ടികളുടെ നഗ്നചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുന്നവർക്കുമെതിരെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ “Operation P-Hunt” എന്ന പേരിൽ സൈബർ ഇടങ്ങളിൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെ തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസലിങ്ങിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ, ബഹു.സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് 28 ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ പോലീസ് രൂപം നൽകിയ "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് " 2021 ജൂലൈ 19ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. 1)ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി. 2)സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം. 3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി. 4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു. 5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്. 6) ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക്പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ച് വരുന്നു. 7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനു പുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള "കമാന്റ് സെന്റർ"ൽ ലഭ്യമാണ്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ കാമ്പയിൻ സംഘടിപ്പിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. |
| (ബി) | ഇത്തരം അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ പോലീസ് കർശന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ഉയരുകയോ ചെയ്താൽ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ പുതുതായി നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഓരോ വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. നിലവിൽ വനിതാ പോലീസ് സ്റ്റേഷൻ ഇല്ലാത്ത തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നി വിടങ്ങളിലാണ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുക. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചന ത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ/ ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടി സ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ